## ALPS Mundakkunnu (2025-2026)

# അക്കാദമിക് മാസ്റ്റർ പ്ലാൻ "സമഗ്രം-2K26"

## സമഗ്ര ഗുണമേന്മ പദ്ധതി - പ്രത്യേക പ്രവർത്തന പാക്കേജ്

### ആമുഖം

മുണ്ടക്കുന്ന് എ.എൽ.പി.സ്കൂളിൽ 2025-2026 വർഷത്തിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ ഉള്ള മുഴുവൻ കുട്ടികൾക്കും ഉയർന്ന ഗുണനിലവാരമുള്ള പഠനം ഉറപ്പാക്കേണ്ടതുണ്ട്. മാറിയ പാഠപുസ്തകങ്ങളും വർക്ക് ബുക്കുകളും ഉപയോഗപ്പെടുത്തിയും പൊതുസമൂഹത്തെ പ്രയോജനപ്പെടുത്തിയും സമഗ്ര ഗുണമേന്മ ഉറപ്പാക്കാൻ ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും ഓരോ വിഷയങ്ങളിലും അതാതു ക്ലാസുകളിലെ പഠന ലക്ഷ്യങ്ങൾ നേടാൻ ആവശ്യമായ അക്കാദമിക മാസ്റ്റർ അനിവാര്യമാണ്. ഈ അധ്യയന വർഷത്തിൽ സമഗ്ര ഗുണമേന്മ ഉറപ്പു വരുത്താൻ ഓരോ ക്ലാസിന്റെയും അക്കാദമിക മാസ്റ്റർ പ്ലാൻ തുടർന്നു നൽകിയിരിക്കുന്നു. ഓരോ മാസവും സ്കൂൾ ജനകീയ സമിതി ചേർന്ന് പുരോഗതിയും മികവുകളും പോരായ്മകളും വിലയിരുത്തി ആവശ്യമായ ഭേദഗതികൾ നടത്തി മുന്നോട്ടു പോകാൻ ആണ് ലക്ഷ്യമിടുന്നത്.

### വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

- ഭാഷാശേഷി, ഗണിത ശേഷി, ശാസ്ത്ര ബോധം എന്നിവയിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ സ്കൂളിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ അറിവുകൾ ഉപയോഗിച്ച് ഭാഷാ, ഗണിത, ശാസ്ത്ര വിഷയങ്ങളിൽ പ്രതീക്ഷിത മുന്നേറ്റം നടത്തുന്നതിന് കഴിവു നേടുന്നു. സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും എൽ.എസ്.എസ്, വിദ്യാരംഗം പോലുള്ള മേഖലകളിൽ മികച്ച നേട്ടം ഉറപ്പാക്കുന്നു.
- ലഹരി വിരുദ്ധ പ്രവർത്തനങ്ങളിലും പരിസര ശുചിത്വം, മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് നിർമാർജ്ജനം എന്നീ മേഖലകളിൽ കുട്ടികളുടെതായ പങ്കു വഹിക്കുന്നതിന് പ്രാപ്തരാക്കുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി പഠന പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നതിനും രചനാ, നിർമാണ, പരീക്ഷണ ശില്പശാലകൾ നടത്തി ക്ലാസ് റൂം പഠനങ്ങൾക്കാവശ്യമായ സാമഗ്രികൾ തയാറാക്കുന്നു.
- പ്രതിമാസ ക്ലാസ് പി.ടി.എ. യോഗങ്ങളിലൂടെ കുട്ടികളുടെ നിലവാരം തുടർച്ചയായി പരിശോധിക്കപ്പെടുകയും തൽസമയ പിന്തുണ നൽകി കുട്ടികളെ മുന്നിലെത്തിക്കാൻ ആവശ്യമായ പദ്ധതികൾ അധ്യാപകരുടെയും രക്ഷിതാക്കളുടെയും സംയുക്ത സഹകരണത്തോടെ നടപ്പിലാക്കുന്നു.
- കുട്ടികളുടെയും രക്ഷിതാക്കളുടെയും സർഗാത്മക കഴിവുകൾ പ്രസിദ്ധീകരിക്കുകയും അത് പഠന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- കുട്ടികളുടെ വായനാശേഷി വർധിപ്പിക്കാനും വായിച്ച പുസ്തകങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിൽ പ്രകടിപ്പിക്കാൻ ആവശ്യമായ പിന്തുണ നൽകുന്നതിനും ഓരോ ക്ലാസിലും ലഘു ബാലസാഹിത്യ കൃതികൾ അടങ്ങിയ ക്ലാസ് ലൈബ്രറികൾ സമൂഹ പിന്തുണയോടെ സജ്ജീകരിക്കുന്നു.
- സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പിന്തുണ ഉറപ്പാക്കുന്നതിന് വിദ്യാലയ സമിതികൾ ശക്തിപ്പെടുത്തുന്നു.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകുന്ന രൂപത്തിൽ പഠനോത്സവങ്ങൾ സംഘടിപ്പിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ "സമഗ്രം-2K26"

## പ്രവർത്തന കലണ്ടർ - ക്ലാസ് ഒന്ന്

## ALPS Mundakkunnu (2025-2026)

| Sl. No. | പരിപാടിയുടെ പേര് | നിർവഹണ കാലം. | ചുമതല |
|---|---|---|---|
| 1 | സചിത്ര പുസ്തകം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| 2 | സംയുക്തഡയറി | ജൂലൈ - മാർച്ച് | |
| 3 | നിർമ്മാണ ശില്പശാല | ജൂൺ - ആഗസ്റ്റ് | എസ്.ആർ.ജി, പി.ടി.എ |
| 4 | ജ്യാമിതീയ രൂപങ്ങൾ നിർമാണം | സെപ്റ്റംബർ | എസ്.ആർ.ജി, പി.ടി.എ |
| 5 | പാട്ടരങ്ങ് | ആഗസ്റ്റ്, ഡിസംബർ, മാർച്ച് | എസ്.ആർ.ജി, പി.ടി.എ |
| 6 | കഥോത്സവം (അമ്മമാർ പറയട്ടെ) | ജൂൺ - മാർച്ച് (മാസത്തിൽ രണ്ട്) | എം.പി.ടി.എ |
| 7 | ഗണിതകേളികൾ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| 8 | കാർട്ടൂൺ (English) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| 9 | കുട്ടിക്കൂട്ടം (പാട്ടും കഥയും) | മാസത്തിൽ ഒന്ന് | എസ്.ആർ.ജി |
| 10 | രചനോൽസവം | മൂന്നാം ടേം | എസ്.ആർ.ജി, പി.ടി.എ |
| 11 | ഗണിത മാഗസിൻ | മാർച്ച് | എസ്.ആർ.ജി |
| 12 | റീഡേഴ്സ് തിയേറ്റർ | മൂന്നാം ടേം | ക്ലാസ് ടീച്ചർ |

**ആമുഖം**

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത് 2025-26 അധ്യയന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ലഹരിക്കെതിരെ കുഞ്ഞുനാളിൽ തന്നെ പ്രവർത്തിക്കാൻ ആവശ്യമായ പ്രചോദന പ്രവർത്തനങ്ങൾ കൂടി ലക്ഷ്യമിടുന്നു. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവ കൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ സാധ്യമാകും. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

## <u>വിഷയം : മലയാളം</u>

**ലക്ഷ്യങ്ങൾ**

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുന്നു
- എല്ലാ കുട്ടികളെയും ലളിതമായ ബലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുന്നു
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുന്നു
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള കഴിവ് നേടുന്നു
- ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കാനും വായിക്കാനും ശേഷി നേടുന്നു
- പത്രം തയ്യാറാക്കാൻ കഴിവ് നേടുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.

| ശേഷി | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| വായന | ചിത്ര വായന (വാക്കുകൾ, വാക്യങ്ങൾ, ആശയം)<br>വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു<br>വായനാ മൂല ഒരുക്കൽ<br>വായന കാർഡ് വായന<br>അക്ഷരപ്പാട്ടുകൾ<br>സംയുക്തഡയറി | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പി.ടി.എ | പി.ടി.എ, എസ്.എസ്.കെ |

| | | | | |
|---|---|---|---|---|
| | കഥകൾ - ചിത്രവായന<br>കഥകൾ - കേട്ടുപറയൽ<br>ക്ലാസ് പത്രം (വായന) | | | |
| ലേഖനം | • ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു<br>• സചിത്ര ബുക്ക്<br>• സംയുക്ത ഡയറി എഴുത്ത്<br>• ആവർത്തിച്ചുവരുന്ന അക്ഷരം കണ്ടെത്തുന്നു, ആ അക്ഷരം എഴുതുന്നു<br>• ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തുന്നു, എഴുതുന്നു.<br>• സാങ്കൽപ്പിക ഡയറി എഴുതുന്നു<br>• വരികൾ കൂട്ടിച്ചേർക്കുന്നു.<br>• ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു<br>• സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു.<br>• പരസ്യപ്പലക തയ്യാറക്കൽ<br>• പോസ്റ്റർ<br>• ലഘുകുറിപ്പ് | ആഗസ്റ്റ് - മാർച്ച് | ക്ലാസ് ടീച്ചർ, എസ്.ആർ. ജി, പി.ടി.എ | പി.ടി.എ, എസ്.എസ്.കെ |

## <u>വിഷയം : പരിസരപഠനം</u>

## ക്ലാസ് - 1

**ലക്ഷ്യങ്ങൾ**

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
- വിവിധതരം സസ്യങ്ങൾ(വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു
- സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു
- പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം,. പ്രയോജനം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.
- നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു

| ശേഷികൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ചെടികൾ, പക്ഷികൾ, വളർത്തു ജീവികൾ, പലഹാരങ്ങൾ, വാസസ്ഥലം, പഴങ്ങൾ, പച്ചക്കറികൾ, വാഹനങ്ങൾ, ചെറുജീവികൾ, ജലം എന്നിവ നിരീക്ഷിച്ച് നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | പ്രകൃതി നടത്തം ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു. പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. പലഹാര പ്രദർശനം മുട്ട നിരീക്ഷണം ജീവികളുടെ സഞ്ചാര രീതി വീഡിയോ പ്രദർശനം വിവിധ വാസസ്ഥലങ്ങൾ വീഡിയോ പ്രദർശനം വീട്ടിലെ മുറികൾ - ഉപയോഗങ്ങൾ വീട്ടുജോലികൾ അറിയാം, സഹായിക്കാം പഴങ്ങൾ, പച്ചക്കറികൾ പ്രദർശനം വിവിധ തരം വാഹനങ്ങൾ ആൽബം ചെറുജീവികൾ വീഡിയോ ജലസ്രോതസ്സുകൾ ഉപയോഗങ്ങൾ വിവരണം | ജൂൺ ജൂലൈ ആഗസ്റ്റ് | എസ്.ആർ.ജി, പി.ടി.എ, രക്ഷിതാക്കൾ | |
| ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | സ്കൂളിൽ പൂന്തോട്ടം നിർമിക്കുന്നു. പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | സെപ്തംബർ ഒക്ടോബർ നവംബർ | എസ്.ആർ.ജി, പി.ടി.എ | |
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു | പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടുവരുന്നു | ഡിസംബർ | എസ്.ആർ.ജി രക്ഷിതാക്കൾ | പി.ടി.എ |
| വിവിധതരം തുണികൾ ഉണ്ടെന്ന് തിരിച്ചറിയുന്നു. | തുണികൾ - ശേഖരണം, പ്രദർശനം | | | |
| വ്യക്തി ശുചിത്വം, പരിസര ശുചിത്വം പ്രാധാന്യം തിരിച്ചറിയുന്നു. | കൈകഴുകൽ പരീക്ഷണം വ്യക്തിശുചിത്വ ചാർട്ട് പരിസര ശുചിത്വം പട്ടിക പൂരിപ്പിക്കൽ | | | |
| വിവിധതരം കളികളിൽ ഏർപ്പെടുന്നതിന് | അകത്തേ കളികൾ, പുറത്തെ കളികൾ, മുതിർന്നവരുടെ കളികൾ, ഉപകരണം ആവശ്യമുള്ള കളികൾ, ടീമായി കളിക്കുന്ന കളികൾ | | | |

.

## English (CLASS-1)

Aim: To speak, read and write English without any mistakes

| Aim | Activities | Support | Period | Financial Resources |
|---|---|---|---|---|
| To listen the things carefully and to respond about it | To devolve listening Skills and reading skills<br>▪ Description<br>▪ Growing sentences<br>▪ Picture Reading<br>▪ Riddles<br>▪ Quizes | SRG<br>Parents | June<br><br>July | |
| To read fluently | ▪ Reading breaking news<br>▪ Find words from reading materials<br>▪ Rhyming words<br>▪ Developing words from textbook activities | SRG<br>Parents | August | |
| To write neatly without any mistakes | ▪ Make word web<br>▪ Picture description<br>▪ word chain<br>▪ Make word web<br>▪ Story telling<br>▪ Riddles<br>▪ Conversation | SRG<br>Parents | September - March | |

## വിഷയം : ഗണിതം

## CLASS-1

### ലക്ഷ്യങ്ങൾ

- ഒന്നു മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു.
- ഇരുപത് വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100 ൽ താഴെ)
- ഒരു സഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാനാകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യത്യസ്ത രീതികൾ പ്രയോജനപ്പെടുത്തുന്നു.

| ശേഷികൾ | പ്രവർത്തനം | പിന്തുണ | കാലം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| സംഖ്യാബോധം | സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>സംഖ്യകൾ തിരിച്ചറിഞ്ഞു പറയൽ<br>സംഖ്യാകാർഡ് നിർമാണം | എസ്.ആർ.ജി<br>രക്ഷിതാക്കൾ | ജൂൺ | |

| | | | | |
|---|---|---|---|---|
| ഗണിതകിറ്റ് | ഗണിത പഠനത്തിന് സഹായകരമായ വസ്തുക്കൾ ഉപയോഗിച്ച് ഓരോ കുട്ടിക്കും ഗണിതകിറ്റ് തയാറക്കൽ | എസ്.ആർ.ജി രക്ഷിതാക്കൾ പി.ടി.എ | ജൂലൈ | പി.ടി.എ |
| വലിയ സംഖ്യ, ചെറിയ സംഖ്യ | 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ കളികൾ, അക്കക്കള്ളികളിലേക്ക് ചാടാം, വലിയ സംഖ്യയിൽ നിൽക്കുന്നതാര്? ചെറിയ സംഖ്യയിൽ നിൽക്കുന്നതാര്? | എസ്.ആർ.ജി രക്ഷിതാക്കൾ | ആഗസ്റ്റ് | |
| സങ്കലന ക്രിയകൾ | സംഖ്യാഗാനങ്ങൾ ആസ്വദിച്ചു പാടൽ, പ്രായോഗിക പ്രശ്നങ്ങൾ തയാറാക്കൽ, നിർധാരണം ചെയ്യൽ, ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ, ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന ധാരണ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | എസ്.ആർ.ജി രക്ഷിതാക്കൾ | സെപ്തം ബർ - മാർച്ച് | |
| ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ സംഖ്യാഗാനങ്ങൾ | സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു. ഗണിതപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു. | എസ്.ആർ.ജി രക്ഷിതാക്കൾ | ഒക്ടോബർ, നവംബർ | |
| വർക്ക് ഷീറ്റ് | മൈ നമ്പർ ബുക്ക് തയാറാക്കൽ | എസ്.ആർ.ജി രക്ഷിതാക്കൾ പി.ടി.എ | ഡിസംബർ | പി.ടി.എ |
| വ്യവകലന പ്രവർത്തനങ്ങൾ | രണ്ട് ഒരക്കസംഖ്യകൾ തമ്മിലുള്ള വ്യവകലന പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | എസ്.ആർ.ജി രക്ഷിതാക്കൾ | ജനുവരി | |
| ചിഹ്നങ്ങൾ തിരിച്ചറിയൽ ഗണിത കിറ്റ് | സങ്കലനം, വ്യവകലനം എന്നീ ചിഹ്നങ്ങൾ തിരിച്ചരിവ് നേടാനുള്ള നേടാനുള്ള പ്രവർത്തനങ്ങൾ ഗണിത കിറ്റ് ഉപയിഗിച്ചുള്ള പ്രവർത്തനങ്ങൾ സംഖ്യകളുടെ പകുതി, തുല്യം ധാരണ ഉറപ്പിക്കാൻ ഗണിത കിറ്റ് ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ | എസ്.ആർ.ജി രക്ഷിതാക്കൾ പി.ടി.എ | ഫെബ്രുവരി, മാർച്ച് | |

# കലാവിദ്യാഭ്യാസം (അഭിനയം, പാട്ട്)

## ക്ലാസ് - 1

| ഒന്നാം ടേം | രണ്ടാം ടേം | മൂന്നാം ടേം |
|---|---|---|
| പാട്ടരങ്ങുകളിൽ താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ ആകർഷകമായി അവതരിപ്പിക്കുന്നു. | താളവൈവിധ്യം ഉള്ള പാട്ടുകൾ ഒറ്റയ്കും കൂട്ടമായും ചൊല്ലുന്നു. | പാഠപുസ്തകത്തിലെ വരികളും വായ്ക്കകാരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു. |
| ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു | ഗദ്യഭാഗം താളാത്മകമായി വായിക്കുന്നു | സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് പാടാൻ കഴിവുനേടുന്നു. |
| ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ഏറ്റുചൊല്ലുന്നു. പാട്ടുകളുടെ താളത്തിനനുസരിച്ച് മറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വെക്കുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു. | പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർ ക്ക് ഏറ്റു ചൊല്ലാവുന്ന തരത്തിൽ താളവും ഈണവും | പാട്ടരങ്ങുകളിൽ പാട്ടിന്റെ ആശയവും താളവും തുടർച്ചയും ഉൾ ക്കൊണ്ട് സഹപാഠികൾ പാടി നിർത്തിയേടത്തുനിന്ന് തുടങ്ങുകയും അവർക്കു തുടരാൻ പാകമായ ഇടത്തിൽ ചൊല്ലിനിർ ത്തുകയും ചെയ്യുന്നു. |

# ആരോഗ്യ കായിക ചാലക വികാസം

## ക്ലാസ് - 1

| ഒന്നാം ടേം | രണ്ടാം ടേം | മൂന്നാം ടേം |
|---|---|---|
| നിശ്ചിത ലക്ഷ്യത്തിലെത്തുന്നതിനോ നിയമങ്ങൾ പാലിക്കുന്നതിനോ ആയി നേർവരയിലൂടെയും വളഞ്ഞ വരയിലൂടെയും വട്ടത്തിലും നടക്കുന്നതിനും ഓടുന്നതിനുള്ള ശേഷി നേടുന്നു. | നിശ്ചിത സമയം ഒറ്റക്കാലിൽ നിൽക്കുന്നതിനും ചാടുന്നതിനും കഴിയുന്നു | സ്കിപ്പിംഗ് റോപ്പ് ഉപയോഗിച്ച് നിശ്ചിതസമയം ചാടുന്നു. . |
| പല വേഗതയിലുള്ള ഓട്ടം, പലതരം ചാട്ടം, എറിയൽ, പിടിക്കൽ, സന്തുലനം | ശരിയായ ഇരിപ്പ്, നടപ്പ് എന്നിവയുടെ രീതി | സംഗീതത്തിന്റെ അകമ്പടിയോടെയുള്ള |

| | | |
|---|---|---|
| ചലിക്കൽ മുതലായവയിലൂടെ അടിസ്ഥാന ചലന നൈപുണികൾ നേടുന്നു. . സ്കിപ്പിംഗ്, ബാസ്കറ്റ് ബോൾ, ലക്ഷ്യത്തിലുന്നം പിടിച്ച് പന്തെറിയൽ, പന്ത് പിടിക്കൽ, താളാത്മക ചലനം മുതലായവയിലൂടെ ശാരീരികാവയവങ്ങളുടെ ഏകോപനശേഷി നേടുന്നു. | തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നു | വ്യത്യസ്ത വ്യായാമങ്ങളിൽ സംഘമായി ഏർപ്പെടുന്നു |
| വിവിധ കളികളിലൂടെ ആവശ്യാനുസരണമുള്ള ശാരീരിക ചലനം, ഏകോപനം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ നേടുന്നു. | സ്പൂൺ റൈസ്, ബിസ്ക്കറ്റ് കടി, കുപ്പിയിൽ വെള്ളം നിറയ്ക്കൽ തുടങ്ങിയ കളികളിലൂടെ പേശീ നിയന്ത്രണം, ഏകാഗ്രത എന്നിവ നേടുന്നു. | വ്യക്തിശുചിത്വം പാലിക്കുന്നതിനും ശരിയായ ഭക്ഷണശീലങ്ങൾ പിന്തുടരുന്നതിനും കഴിയുന്നു. |

# എ.എൽ.പി.എസ്. മുണ്ടക്കുന്ന്

## അക്കാദമിക് മാസ്റ്റർ പ്ലാൻ - സമഗ്രം 2k26

## Class - 2 (2025-2026)

## മലയാളം (ക്ലാസ്-2)

## ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനികമേഖല, സർഗാത്മക മേഖല, വൈകാരികമേഖല എന്നിവയിൽ കുട്ടിയുടെ നിലവാരം പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാവിഷയത്തിലും നൈപുണി നേടി ഒരുനല്ല വിഭ്യാഭ്യാസ സമ്പത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം എന്നതാണ് ലക്ഷ്യം.

### പ്രവർത്തന ലക്ഷ്യങ്ങൾ

- ❖ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- ❖ രണ്ടാം ക്ലാസിലെ എല്ലാകുട്ടികളുടെയും ആശയഗ്രഹണവായന ഉറപ്പാക്കുക.
- ❖ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ജാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവതക്കുക.
- ❖ വർഷവസാനം സ്വതന്ത്ര്യമായ ലേഖനത്തിലേർ പ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ❖ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

❖ ആശയം, ഈണം/താളം എന്നീവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതു കയും ചൊല്ലുകയും ചെയ്യുന്നു (കവിതാപൂരണം)

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ തയാറാക്കൽ | മെയ് |
| 2 | ബോധവല്കരണം നല്ലപാഠം & ബ്രിഡ്ജ് കോഴ്സ് | ജൂൺ |
| 3 | സംയുക്ത ഡയറി | ജൂലൈ - മാർച്ച് |
| 4 | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 5 | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| 6 | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 7 | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം |
| 9 | രചനോത്സവം | ജൂലൈ മുതൽ ഫെബ്രു വരി വരെ മാസം തോറും |
| 10 | ഭാഷോത്സവം | ജനുവരി |
| | പഠനോല്സവം | മാർച്ച് |

## <u>മുന്നൊരുക്കം</u>

❖ പ്രീ-ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
❖ കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിന് ഉള്ള അവസരമുണ്ടാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | ❖ ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾകൊണ്ടത്)<br>❖ ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>❖ വായനാസാമഗ്രികൾ നിർമ്മിക്കൽ.<br>❖ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ | ജൂൺ | SRG | |

| | | | | |
|---|---|---|---|---|
| വായനാ സൗകര്യങ്ങൾ ക്ലാസ് റൂമിൽ സജ്ജീകരിക്കുന്നതിന് | ➢ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.<br>➢ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>➢ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, സജ്ജീകരിക്കൽ, പ്രദർശനം നടത്തൽ.<br>➢ എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ. | ജൂലൈ | SRG<br>PTA | |
| സ്വതന്ത്ര വായനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | ❖ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>❖ രക്ഷിതാക്കളുടെ സഹായം ഉറപ്പുവിരുത്തൽ<br>❖ ഹോം ലൈബ്രറി ഒരുക്കൽ .<br>❖ ചിത്രവിവരണം<br>❖ വായന തലത്തിൽ എത്തിച്ച് -വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.<br>❖ ഭാഷ വികാസമേഖലയിൽ എത്തിക്കുന്ന തിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് | SRG | PTA |
| ഒരു ഭാഷാ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റുന്നതിന് | ❖ വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>❖ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>❖ വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>❖ വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ.<br>❖ പാട്ടരങ്ങ്, പ്രകൃതിനടത്തം, യാത്രാവിവരണം ഭാഷണം, ലേഖനത്തിന് അവസരമൊരുക്കൽ | സെപ്റ്റംബർ | SRG | |
| ലഭിച്ച അറിവിനെ മറ്റു രൂപങ്ങളിൽ പ്രകടിപ്പിക്കാൻ അവസരം ഒരുക്കുന്നതിന് | ❖ കേട്ടതോ വായിച്ചതോ ആയകഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷ യിൽ വാചികമായി അവതരിപ്പിക്കുന്ന തിനുള്ള അവസരം ഒരുക്കൽ<br>❖ വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു. | ഒക്ടോബർ | SRG | |

| | | | | |
|---|---|---|---|---|
| | ❖ ആന- ആൽബം തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ<br>❖ ആന - വായനാകാർഡുകൾ ഒരുക്കുന്നു.<br>ഉദാ: ആന<br>വലിയ ആന<br>കറുത്ത വലിയ ആന | | | |
| സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | ❖ കുട്ടികളിൽ സ്വത്രന്ത്യമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.<br>❖ എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു. | നവംബർ | SRG | |
| ഭാഷയുടെ വിവിധ തലങ്ങൾ പരിചയപ്പെടുന്നതിന് | ❖ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>❖ ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.<br>❖ വ്യവഹാരരൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ, സാധ്യതകൾ രൂപീകരിച്ച് ചെയ്യുന്നു. | ഡിസംബർ | SRG | |
| സ്വതന്ത്ര ഭാഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | ❖ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)<br>❖ ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.<br>❖ അറിയിപ്പുകൾ, ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ | ജനുവരി | SRG PARENTS | |
| എല്ലാ മേഖലയിലും കുട്ടിയുടെ കഴിവ് അവതരിപ്പിക്കാനുള്ള | ❖ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ ( ഭാഷണം, ലേഖനം, എഴുത്ത്) | ഫെബ്രുവരി | SRG Parents | |

| | | | | |
|---|---|---|---|---|
| അവസരം ഒരുക്കുന്നതിന് | ❖ കുട്ടികളിൽ സ്വതന്ത്ര്യമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.<br>❖ എല്ലാതലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത് ഉറപ്പാക്കൽ. | | | |
| സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് | ❖ വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br>❖ ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയാറാക്കൽ<br>❖ ഓരോ കുട്ടിക്കും-ഓരോപതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കാൽ<br>❖ വീട്ടുവായന, കൂട്ടുവായന, നാട്ടുവായന അമ്മവായന, ചിത്രവായന. ഇ-വായനയെ പോത്സാഹിപ്പിക്കൽ<br>❖ ക്ലാലൈബ്രറി - സ്കൂൾ ലൈബറി ശക്തമാക്കൽ.<br>❖ നവമാധ്യമങ്ങളിലും PTA മീറ്റിങിലും അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കൽ | മാർച്ച് | SRG PTA | PTA |

## ഗണിതം (ക്ലാസ്-2)

### ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതിയും മുന്നോട്ടുവന്നത്. ഓരോപഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾകൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. ഓരോ ഗണിത പ്രവർത്തനത്തിലും താല്പര്യപൂർവ്വം പങ്കെടുത്ത് നേടിയെടുക്കേണ്ടവ നേടിയെടുക്കുക എന്നതാണ് ഗണിത പഠന ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

❖ രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
❖ സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
❖ ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
❖ ഒരു നിശ്ചിതസംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100ൽ താഴെ)

- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവൈരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
- പ്രയോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു, വ്യത്യസ്തരീതികൾ പ്രയോജ ച്ചെടുത്തുന്നു.

**<u>മുന്നൊരുക്കം</u>**

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|
| ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന ത്രിമാന രൂപം തിരിച്ചറിയുന്നതിന് | • വിവിധ രൂപങ്ങൾ വരയ്ക്കൽ, രൂപങ്ങൾ ഉപയോഗിച്ചുള്ള ചിത്ര നിർമാണം. | ജൂൺ | SRG | PTA |
| പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യത്യസ്ത രീതികൾ പ്രയോജന പ്പെടുത്തൽ | • 1,2,3,4....<br>1, 3, 5, 7...<br>10, 20, 30, 40...<br>5,10,15,20....<br>2,4,6,8,10.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.<br>• ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ | ജൂൺ | SRG | |
| സ്ഥലപരമായ അവസ്ഥ സൂചിപ്പിക്കൽ, അകത്ത് പുറത്ത് മുകളിൽ താഴെ | • TB പ്രവർത്തനങ്ങൾ, ക്ലാസ് റൂം സാഹചര്യങ്ങൾ, അവയുടെ ചിത്രീകരണം | | | |
| ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിന് ക്ലാസ് റൂമിൽ പഠനസാമഗ്രികൾ ഒരുക്കുന്നതിന് | • ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരുകൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ<br>• ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>• പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപികരിക്കൽ (5+5=10 10+10=20) | ജൂലൈ | SRG<br>PTA<br>PARENTS | PTA<br>SRG |

| | | | | |
|---|---|---|---|---|
| പാറ്റേണുകളുടെ യുക്തി കണ്ടെത്തുന്നതിന് | • വിവിധ പാറ്റേണുകൾ രൂപികരിക്കൽ<br>• സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ<br>• 99 നോട്ട് 1 കൂട്ടിയാൽ 100<br>• 10 പത്തുകൾ ചേർന്നാൽ 100 ആകും<br>• 100 ഒന്നുകൾ ചേർന്നതാണ് 100.<br>• ഓരോ സംഖ്യകളെയും പ്രയോഗിക ഗണിതാശയതലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ | ആഗസ്റ്റ് | SRG | |
| ക്ലാസ്സിൽ ഗണിതാന്തരീക്ഷം ഒരുക്കുന്നതിന് | • ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രയോഗിക പ്രശ്നം പരിഹരിക്കൽ.<br>• വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>• ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശങ്ങൾ പ്രയോഗിക രീതിയിലൂടെ ഉറപ്പിക്കൽ | സെപ്റ്റംബർ | SRG<br>PTA<br>PARENTS | PTA |
| പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് | • രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. (രണ്ടക്കസംഖ്യയിൽ നിന്നും ഒരക്ക സംഖ്യയുടെ വ്യവകലനം, രണ്ടക്കസംഖ്യകൾ തമ്മിൽ സങ്കലനം, വ്യവകലനം)<br>• സങ്കലന, വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>• സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിതബന്ധമുണ്ടെന്ന് കണ്ടെത്തൽ (പ്രായോഗിക പ്രശനം ഉറപ്പിക്കൽ.)<br>• 5..10..15...20..25 (5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം) | ഒക്ടോബർ | SRG | |
| സ്ഥാനവില ഉറപ്പിക്കുന്നതിന് | • സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>• പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളി നോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ | നവംബർ | SRG | PTA |

| | | | | |
|---|---|---|---|---|
| | • "ക്ലാസിലൊരു കട" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ<br>• നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിചേർത്ത് സംഖ്യരൂപീകരിക്കൽ<br>• 10 രൂപ + 5 രൂപ = 15 രൂപ നോട്ട് നാണയം. | | | |
| നീളം, ഭാരം, ഉള്ളളവ് എന്നിവ താരതമ്യം ചെയ്യുന്നതിന് | • TB, HB, വർക്ക് ബുക്ക് എന്നിവയിലെ പ്രവർത്തനങ്ങൾ<br>• ക്ലാസ് റൂം സാഹചര്യത്തിൽ നിന്ന് തെളിവ് നൽകൽ | | | |
| സ്ഥാനവില, സംഖ്യാബോധം എന്നിവ ഉറപ്പിക്കുന്നതിന് | • സംഖ്യാബോധം തിരിച്ചറിവിൽ -സംഖ്യം വ്യാഖ്യാനം ഉറപ്പാക്കൽ.<br>• സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)<br>• രണ്ടക്ക സംഖ്യകളുടെ തുകകണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു | ഡിസംബർ | SRG | PTA |
| വിവിധ കറൻസികളും നാണയങ്ങളും പരിചയപ്പെടുന്ന തിന് | • നാണയ/കറൻസി പ്രദർശനം, തുല്യമായവ കണ്ടെത്തൽ (നാണയം, നോട്ട്)<br>• കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിതകേളികൾ<br>• നാണയം ട്രെയ്സിംഗ് | ജനുവരി | | |
| വിലവിവരപ്പട്ടി ക അപഗ്രഥിക്കുന്ന തിന് | • വിലവിവരപ്പട്ടിക തയ്യാറാക്കൽ വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തിപറയൽ, പ്രശ്നം നിർദ്ധാരണം ചെയ് തുക കണ്ടെത്തൽ രീതികൾ<br>• സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ജനുവരി | SRG | PTA |
| ഗണിതകവിതക ളിലൂടെ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിന് | • ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ (ഒന്ന് എന്ന് പറയുമ്പോൾ.... ) | ഫെബ്രുവരി | SRG<br>PARENTS | |

| | | | | |
|---|---|---|---|---|
| | • ഉല്ലാസഗണിതം Materials ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ, ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ. | | | |
| കലണ്ടർ ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിന് | • കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>• കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്, മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ<br>• കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപികരിക്കൽ.<br>• കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ<br>• ഗണിതാശയങ്ങൾ പ്രയോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക. | മാർച്ച് | SRG | |

## സംയുക്ത ഡയറി (ക്ലാസ്-2)

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിത് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

### ലക്ഷ്യ പ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

### പ്രവർത്തനഘട്ടങ്ങൾ

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.

- ○ കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- ○ കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- ○ സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ○ എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

## വിലയിരുത്തൽ

| വിലയിരുത്തൽ സൂചകങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| ▪ ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ സംയുക്ത ഡയറി യുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.<br>▪ എല്ലാ രക്ഷിക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.<br>▪ സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.<br>▪ രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.<br>▪ മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.<br>▪ വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.<br>▪ തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. | ക്ലാസ് ടീച്ചർ<br>PTA<br>HM | പി.ടി.എ.<br>എസ്.എസ്.കെ |

# പാട്ടരങ്ങ് (ക്ലാസ്-2)

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

## ലക്ഷ്യ പ്രസ്താവനകൾ

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകര ണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)
- തുടർപാഠങ്ങളുടെ ഭാഗമായി (പാട്ടവതരണവും ആവിഷ്ക്കാരവും) പാട്ടരങ്ങ് വീഡിയോ അവതരിപ്പിക്കൽ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രവരി വരെ)
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

## വിലയിരുത്തൽ

| വിലയിരുത്തൽ സൂചകങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| ❖ ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.<br>❖ ക്ലാസ് പി.ടി.എ. യുടെയും പ്രാദേശിക റിസോഴ്സ്പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.<br>❖ പ്രദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോ പകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.<br>❖ പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br>❖ കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.<br>❖ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.<br>❖ ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട് | ക്ലാസ് ടീച്ചർ<br>PTA<br>HM | പി.ടി.എ.<br>എസ്.എസ്.കെ |

# സചിത്ര പുസ്തകം (ക്ലാസ്-2)

പുതിയ പാഠപുസ്തകത്തിലെ എല്ലാ യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചിട്ടുള്ളത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ട തുണ്ട്.

## ലക്ഷ്യ പ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.
- ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും
- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള യോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും)
- സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ

## വിലയിരുത്തൽ

| വിലയിരുത്തൽ സൂചകങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| • സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.<br>• എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക് ബുക്ക് ഉറപ്പുവരുത്തുന്നു.<br>• എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>• എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.<br>• പ്രതിമാസ സി.പി.ടി.എ യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ടയാവുന്നു. കുട്ടികളുടെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു<br>• ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു | ക്ലാസ് ടീച്ചർ<br>PTA<br>HM | പി.ടി.എ.<br>എസ്.എസ്.കെ |

# റീഡേഴ്സ് തിയേറ്റർ (ക്ലാസ്-2)

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

## ലക്ഷ്യപ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു,
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- റീഡേഴ്സ് തിയേറ്റർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ (2025 ജൂൺ)
- ക്ലാസ്.പി.ടി.എ.യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2025 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2025 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2025 ജൂലൈ 2026 മാർച്ച്)
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2025 ജൂലൈ 2026 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2026 മാർച്ച് രണ്ടാം വാരം)

## വിലയിരുത്തൽ

| വിലയിരുത്തൽ സൂചകങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| • റിഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്.ആർ.ജി, ക്ലാസ്.പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.<br>• കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപികക്ക് പ്രായോഗിക ധാരണയുണ്ട്.<br>• റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘുബാല സാഹിത്യകൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്. | ക്ലാസ് ടീച്ചർ<br>PTA<br>HM | പി.ടി.എ.<br>എസ്.എസ്.കെ |

| | | |
|---|---|---|
| • കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം, വേദികൾ എന്നിവ ഒരുക്കുന്നു.<br>• മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.<br>• എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു.<br>• പ്രവർത്തനത്തിന് പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പുവരുത്തുന്നു. | | |

## നാട്ടുവിശേഷം കൂട്ടെഴുത്ത് (ക്ലാസ്-2)

ഭാഷാപാഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും.

### ലക്ഷ്യ പ്രസ്താവനകൾ

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ്.ആർ.ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ്.ആർ.ജി യിൽ ആസൂത്രണം ചെയ്യുന്നു.
- പി.റ്റി.എ. യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)
- കണ്ടെത്തലുകളുടെ അവതരണം.
- കൂട്ടെഴുത്ത് നടക്കുന്നു.
- എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.
- പതിപ്പ് തയ്യാറാക്കൽ.

- പാഠഭാഗത്തിന് അനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.
- പ്രവർത്തനം അവലോകനം, വിലയിരുത്തൽ (ജൂലൈ അവസാനം)
- പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ
- മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)

## വിലയിരുത്തൽ

| വിലയിരുത്തൽ സൂചകങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| ▪ ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.<br>▪ പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.<br>▪ മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.<br>▪ കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു<br>▪ കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു. | ക്ലാസ് ടീച്ചർ<br>PTA<br>HM | പി.ടി.എ.<br>എസ്.എസ്.കെ |

## ക്ലാസ് പത്രം (ക്ലാസ്-2)

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം. ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ശേഷി ഇതിലൂടെ നേടാൻ സാധിക്കും.

## ലക്ഷ്യപ്രസ്താവനകൾ:

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- ❖ ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ്.ആർ.ജി. യിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം)
- ❖ ക്ലാസ് പി.റ്റി.എ.യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു. (ജൂലൈ അവസാനം)
- ❖ കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താരൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ / ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- ❖ അധ്യാപികയുടെ നേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
- ❖ ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
- ❖ അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
- ❖ ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
- ❖ രചനോത്സവത്തിൽ പ്രദർശനം, അവതരണം
